പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1593 | 22.03.2013 ൽ മറുപടിയ്ക്ക് |
|---|---|
| വനിതാ കമ്മീഷൻ ഡയറക്ടറുടെ ചുമതലകൾ | |
| ചോദ്യം | ഉത്തരം |
| ശ്രീ. എളമരം കരീം | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) കേരള വനിതാ കമ്മീഷൻ നിയമത്തിലെ വ്യവസ്ഥകളെ മറികടന്ന് നിലവിൽ ഡയറക്ടറായി ജോലി ചെയ്യുന്ന പോലീസുദ്യോഗസ്ഥൻ, കമ്മീഷൻ മീറ്റിംഗുകളിൽ പങ്കെടുത്ത് അഭിപ്രായ പ്രകടനം നടത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വനിതാ കമ്മീഷൻ ഡയറക്ടറായി നിയമിക്കപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥന് നിയമം നിഷ്ക്കർഷിച്ച് നൽകിയ ചുമതലകളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമെന്ന് വിശദമാക്കാമോ; | (ബി) കേരള വനിതാ കമ്മീഷനിൽ ലഭിക്കുന്ന പരാതികളുടെ സൂക്ഷ്മ പരിശോധന നടത്തുക, പരാതി നിലനിൽക്കത്തക്കതാണോ എന്ന് പരിശോധിക്കുക, പരാതിയിൻ മേൽ പ്രാഥമിക അന്വേഷണം നടത്തുക, ആവശ്യമെങ്കിൽ റിപ്പോർട്ട് ആവശ്യപ്പെടുക, അന്വേഷണം നടത്തി ലഭിച്ച റിപ്പോർട്ടുകൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുക, ക്രിമിനൽ സ്വഭാവമുള്ള കേസുകളിൽ കമ്മീഷൻ നിർദ്ദേശ പ്രകാരം പ്രൊസിക്യൂഷൻ നടപടികൾ തുടങ്ങുക, കമ്മീഷൻ സിറ്റിംഗിൽ അജണ്ട തയ്യാറാക്കുക, സിറ്റിംഗിൽ ഹാജരാകുക, ആവശ്യമുള്ള ഫയലുകളും രേഖകളും ലഭ്യമാക്കുക, മിനിറ്റ്സ് തയ്യാറാക്കുക, വനിതാ കമ്മീഷനിൽ രജിസ്റ്റർ ചെയ്യുന്ന സംഘടനകളുടെ അപേക്ഷയിൻ മേൽ അന്വേഷണം നടത്തുക, ഇവ കൂടാതെ കമ്മീഷൻ നിർദ്ദേശിക്കുന്ന മറ്റ് കാര്യങ്ങൾ കൂടി നടപ്പിലാക്കുക എന്നിവയാണ് പ്രധാന ചുമതലകൾ. |
| (സി) നിയമവിരുദ്ധമായി കമ്മീഷൻ മീറ്റിംഗുകളിൽ ഇടപെടാൻ ശ്രമിക്കുന്നുണ്ടെന്ന ഡയറക്ടറെ സംബന്ധിച്ച ആക്ഷേപം അന്വേഷിച്ച് നടപടി സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ ? | (സി) കേരള വനിതാ കമ്മീഷൻ നിയമത്തിന്റെ 5-ാം വകുപ്പ് പ്രകാരം രൂപീകരിക്കുന്ന വനിതാ കമ്മീഷനിൽ ഡയറക്ടർ ഉൾപ്പെടുന്നില്ല. കമ്മീഷനാൽ നിയമിക്കപ്പെടുന്ന ഒരാൾ കമ്മീഷന്റെ തന്നെ യോഗങ്ങളിൽ പങ്കെടുക്കുന്നതോ തീരുമാനമെടുക്കുന്നതോ ഉചിതമല്ലാത്തതിനാൽ കമ്മീഷന്റെ യോഗങ്ങളിൽ ഡയറക്ടറെ പങ്കെടുപ്പിക്കുന്നതിൽ നിലവിലുള്ള നിയമത്തിൽ വ്യവസ്ഥയില്ലാത്ത സാഹചര്യത്തിൽ കമ്മീഷൻ യോഗങ്ങളിൽ ഡയറക്ടറെകൂടി പങ്കെടുപ്പിക്കുന്നത് നിയമദൃഷ്ട്യാ ശരിയായ നടപടിയല്ലെന്ന് കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ